# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 267 — 28.01.2014 ൽ - മറുപടിക്ക്

## വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സണ്ണി ജോസഫ്<br>,, പി. സി. വിഷ്ണുനാഥ്<br>,, ജോസഫ് വാഴക്കൻ<br>,, ഹൈബി ഈഡൻ | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) റേഷൻ സാധനങ്ങളുടെ വിതരണത്തിനായി വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ;<br>(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും വിശദമാക്കുമോ; | (എ) & (ബി) റേഷൻ സംവിധാനമാകെ കമ്പ്യൂട്ടർവൽക്കരിക്കുന്ന പദ്ധതിയായ എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷന്റെ പൈലറ്റ് പദ്ധതി ആരംഭിക്കുമ്പോൾ തെരഞ്ഞെടുത്ത റേഷൻ കടകളിൽ ഡോർ ടു ഡോർ ഡെലിവറി മുഖേന റേഷൻ സാധനങ്ങൾ എത്തിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇപ്രകാരം ഡോർ ടു ഡോർ ഡെലിവറി നടത്തുന്ന വാഹനങ്ങളിൽ ജി.പി.എസ്. (ഗ്ലോബൽ പൊസിഷൻ സിസ്റ്റം) സംവിധാനമോ മറ്റു അനുയോജ്യമായ സംവിധാനങ്ങളോ ഉപയോഗിക്കാൻ ഉദ്ദേശമുണ്ട്. സംസ്ഥാനത്തെ പൊതുവിതരണ സമ്പ്രദായം മുഖേന സാധാരണ ജനങ്ങളുടെ കൈകളിലെത്തേണ്ട ഭക്ഷ്യ ധാന്യങ്ങൾ, മണ്ണെണ്ണ എന്നിവ അനധികൃതമായി കടത്തിക്കൊണ്ടുപോകുന്നത് തടയുക, കരിഞ്ചന്തയിൽ റേഷൻ സാധനങ്ങൾ എത്താൻ അനുവദിക്കാതിരിക്കുക എന്നീ ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഈ പദ്ധതി ആരംഭിക്കുന്നതിനു പിന്നിലുള്ളത്. റേഷൻ സാധനങ്ങൾ കൊണ്ടു പോകുന്ന വണ്ടികളിൽ ജി.പി.എസ്. മുതലായ സംവിധാനം ഉപയോഗിക്കുമ്പോൾ കൈമാറുന്ന സിഗ്നലുകൾ ഉപയോഗിച്ച് വണ്ടികൾ സഞ്ചരിക്കുന്ന ദിശ മനസ്സിലാക്കുവാനും ഇവ കൃത്യ സ്ഥലത്തു തന്നെയാണെത്തുന്നത് എന്ന് ഉറപ്പു വരുത്തുവാനും കഴിയും. |
| (സി) പൊതുവിതരണത്തിനുള്ള ഭക്ഷ്യ ധാന്യങ്ങളും മണ്ണെണ്ണയും കടത്തികൊണ്ടുപോകുന്നത് ഒഴിവാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത സംവിധാനത്തിൽ ഒരുക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ; | (സി) സംസ്ഥാനത്തെ പൊതുവിതരണ സമ്പ്രദായം കമ്പ്യൂട്ടർവൽക്കരിക്കുന്ന എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് പരീക്ഷണാടിസ്ഥാനത്തിൽ ജില്ലയിലെ തെരഞ്ഞെടുത്ത ആറ് റേഷൻ കടകളിൽ നടപ്പിലാക്കി വരുന്നു. ഈ കടകളിൽ ഡോർ ടു ഡോർ ഡെലിവറി മുഖേന റേഷൻ സാധനങ്ങൾ എത്തിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത വാഹനങ്ങളിൽ ജി.പി.എസ്. മുതലായ സംവിധാനങ്ങൾ ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. |

മണ്ണെണ്ണയുടെ കാര്യത്തിൽ, മണ്ണെണ്ണ ടാങ്കറുകളുടെ ദിശ മാറിയുള്ള സഞ്ചാരം തടയുന്നതിനായി ടാങ്കറുകളിൽ വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം ഘടിപ്പിക്കുന്നതിനായി എണ്ണകമ്പനികളുടെ നോഡൽ ഓഫീസർമാരുമായി ചർച്ച ചെയ്ത് തയ്യാറാക്കിയ നിർദ്ദേശങ്ങളിന്മേൽ തീരുമാനമായിട്ടില്ല. എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷൻ പദ്ധതി നടപ്പിലാക്കുന്നതുവഴി പൊതു വിതരണ ശൃംഖലയാകെ സുതാര്യവൽക്കരിക്കപ്പെടുമെന്നതിനാൽ മണ്ണെണ്ണയുടെ അനധികൃത കടത്ത് ഒഴിവാക്കാനാവും.

| | | |
|---|---|---|
| (ഡി) | ഇതിനായി ഏതെല്ലാം ഏജൻസികളാണ് സഹകരിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ ? | (ഡി) പൊതുവിതരണ സമ്പ്രദായം കമ്പ്യൂട്ടർവൽക്കരിക്കുന്നതിന്റെ ഏജൻസികളെ സംബന്ധിച്ച് അന്തിമ തീരുമാനമായിട്ടില്ല. |

സെക്ഷൻ ഓഫീസർ